(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ നിക്ഷേപം

1 [1140] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04-ലെ വ്യവസായ മേഖലകയിലെ നിക്ഷേപം എത്ര;

(ബി) ഇതിൽ പ്രവാസികളുടെ നിക്ഷേപം എത്ര;

(സി) ഐ. ടി. മേഖലയിലെ നിക്ഷേപം എത്ര;

(ഡി) ഈ കാലയളവിലെ നിക്ഷേപം കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണോ; കുറവാണോ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്. ഐ. ഡി. സി.-യുടെ സഹായത്തോടെ 2003-04 (ഡിസംബർ 31 വരെ) പൂർത്തിയാക്കപ്പെട്ട 12 പദ്ധതികളിലായി 65.61 കോടി രൂപയുടെ നിക്ഷേപമുണ്ടായിട്ടുണ്ട്. 2003-04-ൽ കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ ആരംഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകളുടെ എല്ലാം കൂടിയുള്ള നിക്ഷേപം 138.10 ലക്ഷം രൂപ. ചെറുകിട വ്യവസായ മേഖലയെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) കെ. എസ്. ഐ. ഡി. സി.-യിലും കിൻഫ്രയിലുമായി 1020 ലക്ഷം രൂപയുടെ പ്രവാസി നിക്ഷേപമുണ്ട്.

(സി, ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

നിക്ഷേപക പ്രോൽസാഹന ബോർഡ്

2 [1141] ശ്രീ. കെ. പി. രാജേന്ദ്രൻ
„ എൻ. രാജൻ:
„ പി. നാരായണൻ:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപക പ്രോൽസാഹന ബോർഡ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഈ ബോർഡിന്റെ ഇപ്പോഴത്തെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly